MALAYALA MANORAMA - 28-11-2025

# മത്സ്യാധിഷ്ഠിത സ്റ്റാർട്ടപ് നവീകരണം: സിഫ്റ്റ് - എസ്ബിഐ ധാരണ

കൊച്ചി ● രാജ്യത്തെ മത്സ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്കും സാങ്കേതികവിദ്യാ നവീകരണത്തിനും സാമ്പത്തിക പിന്തുണ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും (സിഫ്റ്റ്) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ധാരണാപത്രത്തിൽ ഒപ്പുവച്ചു. സിഫ്റ്റിന്റെ സെഡ്ടിഎം-എബിഐ സെന്റർ ദേശീയ തലത്തിൽ ഏകോപന കേന്ദ്രമായി പ്രവർത്തിച്ച് യോഗ്യരായ സംരംഭകർക്കു സാങ്കേതിക പിന്തുണയും പരിശീലനവും നൽകും. റജിസ്റ്റർ ചെയ്ത സംരംഭകർക്ക് എസ്ബിഐ പ്രവർത്തന മൂലധനം, ടേം ലോൺ, സ്റ്റാർട്ടപ്പ് ഫിനാൻസിങ് തുടങ്ങി സാമ്പത്തിക സഹായങ്ങൾ നൽകും.